# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2146

17.02.2016-ൽ മറുപടിക്ക്

## വായ്പാത്തട്ടിപ്പ്

**ചോദ്യം**

ശ്രീ.എ. കെ. ശശീന്ദ്രൻ :
ശ്രീ.തോമസ് ചാണ്ടി:

(എ) സഹകരണ ബാങ്കുകളിൽ വൻ വായ്പാത്തട്ടിപ്പ് നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പല സഹകരണ സംഘങ്ങൾ/ബാങ്കുകളിലും വായ്പ ക്രമക്കേടും പണാപഹരണവും നടന്നിട്ടുണ്ട്.

ഇക്കാര്യത്തിൽ സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരമുള്ള അന്വേഷണങ്ങൾ, പരിശോധനകൾ നടത്തുകയും, അന്വേഷണ റിപ്പോർട്ടുകളുടേയും, പരിശോധനാ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വായ്പ തട്ടിപ്പിലൂടെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ കേരള സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും, പണാപഹരണം നടത്തിയ കുറ്റക്കാരായ സംഘം ജീവനക്കാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും, ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും, കുറ്റക്കാരുടെ ഇളകാത്ത മുതലുകൾ ഉടൻ ജപ്തി നടത്തുകയും, ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ക്രമക്കേടുകൾ നടന്ന ചില സഹകരണ സംഘങ്ങളുടെ ഭരണസമിതികൾ നീക്കം ചെയ്യുകയും, ചില സംഘം ഭാരവാഹികൾക്കെതിരെ വിജിലൻസ് &

| | |
|---|---|
| | ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്. |
| (ബി) ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നത് ഏത് ജില്ലയിലാണ്; എത്ര കോടി തട്ടിപ്പ് നടത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) ഏറ്റവും കൂടുതൽ വായ്പ തട്ടിപ്പ് നടന്നത് ആലപ്പുഴ ജില്ലയിലാണ്. 30.46 കോടി രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ട്. |
| (സി) മൂന്നുമാസത്തിനുള്ളിൽ ചെക്ക് കളക്ഷന് നൽകണമെന്ന വ്യവസ്ഥയുടെ മറവിൽ അക്കൗണ്ടിൽ പണമില്ലെങ്കിലും ചെക്ക് പാസ്സാക്കി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു; | (സി) ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്, വെണ്ടാർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ചെക്ക് ഡിസ്കൗണ്ടിംഗ് ഇനത്തിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെ സഹകരണ നിയമം/ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും തുക ഈടാക്കുന്നതിന് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസ്, ക്രിമിനൽ കേസ് എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഡി) സാധാരണക്കാരുടെ പണയ സ്വർണ്ണം സ്വകാര്യ ബ്ലേഡ് സ്ഥാപനങ്ങളിൽ പണയം വച്ച് ബാങ്ക് ഭാരവാഹികൾ വായ്പയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസുകളിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും, ഇതിന് ഉത്തരവാദികളായ ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**